2. വീൽ ചെയറുകൾ - 15 എണ്ണം

3. ട്രോളികൾ - 14 എണ്ണം

4.പ്ലാസ്റ്റർ റൂം

5. മൈനർ ഒ.ടി. റൂം

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇൻഡ്യൻ മെഡിക്കൽ കൗൺസിലിന്റെ പരിശോധന

94 (2303) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ പരിശോധന നടത്തിയത് എന്നാണ് ; കൗൺസിൽ പരിശോധന നടത്തിയത് എന്നാണ് കൗൺസിൽ എന്തെങ്കിലും ന്യൂനതകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) മെഡിക്കൽ കൗൺസിലിന്റെ പരിശോധനയെ തുടർന്ന് മെഡിക്കൽ കോളേജിലെ എം.ബി.ബി.എസ്.,പി.ജി സീറ്റുകളിൽ പ്രവേശനം നടത്തുന്നത് കൗൺസിൽ തടഞ്ഞിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(സി) മെഡിക്കൽ കൗൺസിൽ ചൂണ്ടിക്കാണിച്ച ന്യൂനതകൾ പരിഹരിക്കാൻ എന്തുനടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) എം.ബി.ബി.എസ്. കോഴ്സുമായി ബന്ധപ്പെട്ട് ആലപ്പുഴ മെഡിക്കൽ കോളേജിൽ ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അവസാനഘട്ട പരിശോധന നടന്നത് 28-4-2015 തീയതിയിലാണ്. പരിശോധനാനന്തരം അദ്ധ്യാപകരുടെയും സീനിയർ റസിഡന്റുകളുടെയും കുറവാണ് പ്രധാനമായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്.

(ബി) ഇല്ല.

(സി) അദ്ധ്യാപകരുടെ വിരമിക്കലിലൂടെ ഉണ്ടായിട്ടുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. സീനിയർ റസിഡന്റുമാരുടെ ശമ്പളം

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിക്കുകയും അവരെ നേരിട്ട് നിയമിക്കുന്നതിനുള്ള അധികാരം പ്രിൻസിപ്പൽമാർക്ക് നൽകിയിട്ടുമുണ്ട്. ലക്ചർ തിയേറ്ററുകളുടെയും ഹോസ്പിറ്റൽ മന്ദിരത്തിന്റേയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരണത്തോടടുക്കുന്നു. കൂടാതെ ലൈബ്രറി, ലക്ചർ ഹാൾ കോംപ്ലക്സ്, എക്സാമിനേഷൻ ഹാൾ, കാഷ്വാലിറ്റി, ട്രോമ കെയർ യൂണിറ്റ്, സെൻട്രൽ കാഷ്വാലിറ്റി എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

കണ്ണൂരിൽ പുതിയ ആയുർവേദ ഡിസ്പെൻസറികൾ

95 (2304) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ ആയുർവ്വേദ ഡിസ്പെൻസറികൾ ഇല്ലാത്ത എത്ര പഞ്ചായത്തുകളാണുള്ളത് ;

(ബി) ഈ സാമ്പത്തിക വർഷം പുതിയ ആയുർവ്വേദ ഡിസ്പെൻസറികൾ അനുവദിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ ;

(സി) ഇപ്രകാരം മുൻഗണനാപട്ടിക തയ്യാറിക്കിയിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുമോ ;

(ഡി) ആയുർവ്വേദ ഡിസ്പെൻസറികൾ അനുവദിക്കാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ എൻ.ആർ.എച്ച്.എം. മുഖേന ആയുർവ്വേദ ഡിസ്പെൻസറികൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 18 പഞ്ചായത്തുകളിൽ ഗവ. ആയുർവ്വേദ ഡിസ്പെൻസറികൾ ഇല്ല. എന്നാൽ 11 പഞ്ചായത്തുകളിൽ എൻ.ആർ.എച്ച്.എം. താൽക്കാലിക ആയുർവ്വേദ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) 2015-16 സാമ്പത്തിക വർഷം 54 ലക്ഷം രൂപ പുതിയ ഗവ.ആയുർവേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനും 5 ലക്ഷം രൂപ പുതിയ ഗവ. സിദ്ധ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) മുൻഗണനാപട്ടിക തയ്യാറാക്കിയിട്ടില്ല.

(ഡി) കണ്ണൂർ ജില്ലയിൽ സർക്കാർ ആയുർവ്വേദ ഡിസ്പെൻസറികൾ ഇല്ലാത്ത 18 പഞ്ചായത്തുകളിലും എൻ.ആർ.എച്ച്.എം. താൽക്കാലിക ആയുർവേദ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly